ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കുഴൽമന്ദം മണ്ഡലത്തിലുള്ള പഞ്ചായത്തുകളിൽ നിന്നും നിക്ഷേപം നടത്തിയവരിൽ 493 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) ഹഡ്കോ വായ്പ നിർത്തിവച്ചതുമൂലം ബോർഡിനുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം 30-6-2001-ൽ ടി പദ്ധതി നിർത്തലാക്കിയതിനാൽ അപേക്ഷയും ആവശ്യമായ രേഖകളും ഹാജരാക്കി 31-6-2001-ന് മുൻപ് ബോർഡുമായി കരാറിൽ ഏർപ്പെട്ടവർക്കു മാത്രമേ ധനസഹായം അനുവദിക്കാൻ സാധിച്ചിട്ടുള്ളൂ.

(ഡി) ബോർഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും നിർമ്മാണ പുരോഗതി കണക്കിലെടുത്ത് വായ്പാ ഗഡുക്കൾ അനുവദിക്കുന്നതാണ്.

മൈത്രീ ഭവന നിർമ്മാണ പദ്ധതി

46 (2804) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാവപ്പെട്ടവർക്കും ദുർബല വിഭാഗങ്ങൾക്കുമുള്ള സമ്പൂർണ്ണ ഭവന നിർമ്മാണം ലക്ഷ്യമാക്കി ഓരോ പദ്ധതിക്കും നടപ്പു വർഷം എന്ത് തുക ഉൾക്കൊള്ളിച്ചിട്ടുണ്ട് ;

(ബി) കെട്ടിട നിർമ്മാണ ചെലവിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് മൈത്രീ ഭവന നിർമ്മാണ പദ്ധതിയിലുള്ള വീടുകളുടെ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) മൈത്രീ ഭവന നിർമ്മാണ പദ്ധതിക്കായി ഈ വർഷം എന്ത് തുക വകയിരുത്തിയിട്ടുണ്ട് ; കഴിഞ്ഞ വർഷം എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ദുർബല വിഭാഗങ്ങൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതിക്കായി സർക്കാർ സബ്സിഡി ഇനത്തിൽ 2003-2004-ലെ സർക്കാർ ബഡ്ജറ്റിൽ 60 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മൈത്രീ ഭവന പദ്ധതിയുടെ പൂർത്തീകരണത്തിനായി ബോർഡിന്റെ നടപ്പ് വർഷത്തെ ബഡ്ജറ്റിൽ 47 കോടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രൂപയും ദുർബല വിഭാഗങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിന് ഉദ്ദേശിക്കുന്ന പുതിയ ഭവന പദ്ധതിക്കായി 64.20 കോടി രൂപയും ബോർഡ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) മൈത്രീ ഭവന പദ്ധതിയുടെ സബ്സിഡിയിനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 60 കോടി രൂപ ബോർഡിനു വേണ്ടി നീക്കിവെച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇതിനകം ഏറ്റെടുത്തിട്ടുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 47.00 കോടി രൂപ ബോർഡിന്റെ ബഡ്ജറ്റിൽ നടപ്പ് വർഷം ഉൾക്കൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2002-2003) മൈത്രീ ഭവന പദ്ധതിയുടെ സബ്സിഡി അനുവദിച്ചത് അഡ്ജസ്റ്റ് ചെയ്യുന്നതിനായി ബോർഡിന് സർക്കാർ അനുവദിച്ച 48 കോടി രൂപ ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷം ബോർഡിന്റെ ഫണ്ടിൽ നിന്നും 11.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം പദ്ധതികൾ

47 (2805) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നീ പദ്ധതികൾ പ്രകാരം നൽകിയ വായ്പയിൽ 31-3-2003-ലെ കണക്കനുസരിച്ച് എന്ത് തുക പിരിഞ്ഞു കിട്ടാനുണ്ട് ;

(ബി) അതിൽ പലിശയും പിഴപ്പലിശയും എത്രയാണ് ?

ഉത്തരം

(എ) 31-3-2003-ലെ കണക്കനുസരിച്ച് മലപ്പുറം, വയനാട് ജില്ലകളൊഴികെ, വില്ലേജ് ഹൗസിംഗ് സ്കീം പ്രകാരം 1,18,11,561 രൂപയും റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം പ്രകാരം 4,74,14,714 രൂപയും പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) അതിൽ വി.എച്ച്.പി. പ്രകാരം പിരിഞ്ഞുകിട്ടാനുള്ള പലിശ 75,45,483 രൂപയും പിഴപ്പലിശ 14,62,492 രൂപയുമാണ്. റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം പ്രകാരം പിരിഞ്ഞുകിട്ടാനുള്ള പലിശ-2,63,96, 245 രൂപയും പിഴപ്പലിശ 28,89,270 രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly